ഈശോസഭയിലെ വൈദികസേവനത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്ന് 1995-ൽ 34-ാം സാർവ്വത്രികസമ്മേളനം വ്യക്തമാക്കുകയുണ്ടായി: "ഓരോ വ്യക്തിയെയും ആദരിക്കുക. ഓരോ വ്യക്തിയിലും ദൈവം പ്രവർത്തിക്കുന്ന രീതിയെന്താണെന്നു തിരിച്ചറിയുക, അംഗീകരിക്കുക, പരിപോഷിപ്പിക്കുക" (177) അതുകൊണ്ട് ആദ്ധ്യാത്മിക ജീവിതത്തിൽ ഇഗ്നേഷ്യസിനെപ്പോലെ മറ്റുള്ളവർക്കു 'സഹയാത്രികളായിത്തീരണം' വൈദികർ. "മറ്റുള്ളവർക്ക് കടന്നുചെല്ലാൻ പറ്റാത്ത മേഖലകളിലേക്ക് ഈശോസഭാവൈദികർ കടന്നു ചെല്ലണം" (168) ശബ്ദമില്ലാത്തവരുടെ ശബ്ദമാകാനും ശക്തിക്ഷയിച്ചവർക്ക് ശക്തിപകരാനും നിയുക്തരാണു വൈദികർ (169) സാധുക്കൾക്കു നീതി സംലഭ്യമാക്കാനും മനസ്സുകൊണ്ടു കഴിയുന്നവരെ പരസ്പരം അടുപ്പിക്കാനുമുള്ള അനുരഞ്ജനത്തിന്റെ പ്രയോക്താക്കളായിത്തീരണം ഈശോസഭാ വൈദികർ (171).


പുരോഹിത ജീവിതം സത്യാന്വേഷണ പരീക്ഷണമാകണം

ഡോ. സ്കറിയ സക്കറിയ



കേരള ക്രൈസ്തവ സമൂഹം നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിഞ്ഞു ദീർഘക്ഷമയോടും, കണക്കുവയ്ക്കാത്ത സ്നേഹത്തോടും അജപാലനശുശ്രൂഷ ചെയ്യുന്ന സന്ന്യാസികളെ ഇന്ന് ആവശ്യമുണ്ട്.

കേരളത്തിൽ ഇന്ന് ഇടവക വൈദികർക്കും സന്ന്യാസികൾക്കും വലിയ ക്ഷാമമില്ല. എന്നാൽ ക്രൈസ്തവ സാന്നിധ്യം അനുഭവപ്പെടുത്തുന്ന വൈദികരുടെയും സന്ന്യാസികളുടെയും എണ്ണം കുറയുകയാണ്. കുറെക്കൂടി തെളിച്ചുപറഞ്ഞാൽ, സമ്പത്തും പ്രൗഢിയും അധികാരമേഖലയിൽ സ്വാധീനവുമുള്ള സ്ഥാപനങ്ങളും പുരോഹിതരും കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലുമുണ്ട്. കാര്യക്ഷമതയുടെ പേരിലാണ് അത്തരം സ്ഥാപനങ്ങളും വ്യക്തികളും ശ്രദ്ധാകേന്ദ്രങ്ങ



ളാകുന്നത്. കാര്യക്ഷമത വേണ്ട തുതന്നെ. ലോകത്തിന്റെ ഏതു ഭാഗത്തും കാര്യക്ഷമതയുടെ കാര്യത്തിൽ ശ്രദ്ധേയരാണ് ക്രൈസ്തവ പുരോഹിതർ, വിശിഷ്യ ഈശോസഭാ സന്യാസികൾ. ഇന്ത്യയുടെ പല ഭാഗങ്ങളിൽ, ലോകത്തിന്റെ സിരാകേന്ദ്രങ്ങളിൽ, തലയുയർത്തി നിൽക്കുന്ന ലയോളകളും സേവ്യറുകളും ഇക്കാര്യം വിളംബരം ചെയ്യുന്നു. പക്ഷേ, കാലം ചെല്ലുംതോറും കാര്യക്ഷമതാഭാവം കമ്പോളാധിഷ്ഠിത മത്സരത്തിലേക്കും ലാഭേച്ഛയിലേക്കും വഴുതിവീഴുന്നോ എന്ന് സംശയിക്കണം. ഇതൊരു വെല്ലുവിളിയാണ്. കാര്യക്ഷമത നിലനിറുത്തിക്കൊണ്ട് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ക്രൈസ്തവ സ്നേഹവും കാരുണ്യവും പ്രകടമാക്കാൻ കഴിയുമോ? കഴിയണം, അതാണ് ഈശോസഭ പോലെ ലോകമാകെ വൈവിധ്യപൂർണ്ണമായി വളർന്നു നിൽക്കുന്ന ഒരു സന്യാസസമൂഹത്തിന്റെ വെല്ലുവിളി. ഇതെക്കുറിച്ചു ഈശോസഭയ്ക്കുള്ളിൽ ധാരാളം സംവാദങ്ങളും ചർച്ചകളും നടക്കുന്നു എന്നത് സന്തോഷകരമാണ്. ബൗദ്ധികജീവിതം മരവിപ്പിക്കാതെ സാഹസികപരീക്ഷണങ്ങളിലൂടെ ക്രിസ്തുസന്ദേശത്തിന്റെ പുതുമയും കുളിർമ്മയും മാലോകർക്കു അനുഭവപ്പെടുത്താൻ ഈശോസഭയ്ക്കുള്ളിൽ നടക്കുന്ന ശ്രമങ്ങളിൽ പങ്കാളികളാകുന്നവർക്കു മാറുന്ന ലോകത്തിൽ പലതും ചെയ്യാനുണ്ട്. മരവിക്കാത്ത മനസ്സ്, മാറ്റങ്ങളോടുള്ള ആഭിമുഖ്യം, പാരമ്പര്യങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ്, വൈവിധ്യത്തോടുള്ള വിശ്വസ്തത, ഭാവിയെക്കുറിച്ചുള്ള ശുഭചിന്ത, സമകാലികലോകത്തോടുള്ള ഉദാരത, വ്യത്യസ്തതകളി







ലുള്ള കൗതുകം, നിസ്വാർത്ഥത യുടെ ആനന്ദം ഇവയെല്ലാമാണ് അനുദിന ജീവിതത്തിൽ ക്രൈസ്തവപുരോഹിതൻ പക രേണ്ട അനുഭവങ്ങൾ. മറിച്ച് ജന ങ്ങളുടെ അനുദിന ജീവിതത്തിൽ കൂടുതൽ മോങ്ങലും ചീറ്റലും കലർത്തി അലമുറ വളർത്ത നാണ് ചിലരെങ്കിലും ശ്രമിക്കുന്ന ത്. അവർ ജീവിതത്തെ കൂടുതൽ വേദനാനിർഭരമാക്കി അതിന്റെ ദൈന്യം വർദ്ധിപ്പിക്കുന്നു. ദുർബ ലമനസ്കരെ ഉന്മാദികളാക്കുന്നു. ക്രൈസ്തവരുടെ ഇടയിലെ പുതിയ ഭക്തിപ്രസ്ഥാനങ്ങൾ സാധാരണക്കാരെ, വിശിഷ്യ സ്ത്രീകളെ പാപഭയംകൊണ്ടു വേട്ടയാടുകയാണ്. യേശുസ ന്ദേശം പലരെയും ബഹളിപിടി പ്പിക്കുന്നതുപോലെ തോന്നുന്നു. സരള മനസ്കരായ മനുഷ്യരെ യേശുവാനുഭവത്തിലൂടെ ധൈര്യപ്പെടുത്തി ഉത്സാഹിപ്പിച്ച് കർമ്മനിരതരാക്കാൻ വൈദി കർക്കു കഴിയണം. അങ്ങനെ യുള്ള സിദ്ധിയാണ് പുരോഹിത സിദ്ധി; വിശിഷ്യ യേശുവിന്റെ സിദ്ധി.

യേശുവിന്റെ വചനങ്ങളിലും കർമ്മങ്ങളിലും പ്രകടമായ പ്രസാദാത്മകതയുടെ വക്താ ക്കളും പ്രയോക്താക്കളുമാകണം പുരോഹിതർ. അതിനു അറിവും വിവേകവും പരിധിയറ്റ സ്നേഹവും ഉണ്ടാകണം. സ്നേഹ ത്തിന്റെ പ്രമാണമാണ് ക്രൈസ്ത വപ്രമാണം എന്നു തെളിച്ചുകാട്ടാൻ ചിന്തയും വാക്കും കർമ്മവും വിനി യോഗിക്കാൻ അവർക്ക് കഴി ഞ്ഞാൽ എല്ലാം ഭംഗിയാകും.


ഇന്നു പല അജപാലകരും ലോകത്തോടു കെറുവിക്കുകയാ ണ്. മാലോകർ പാവങ്ങളാണ്. അവർ കൊള്ളരുതായ്മകൾ ചെയ്യുന്നുണ്ടെങ്കിൽ അതു അറിവു കേടും അവിവേകവും കൊണ്ടാ ണ്. മതനിരപേക്ഷമാകുന്ന ലോകം ധാർമ്മികതയ്ക്കും ആത്മീയ തയ്ക്കും ദൈവികതയ്ക്കും പുതിയ ഭാഷ്യങ്ങൾ തേടുകയാണ്.






വിപണികേന്ദ്രിതമായ പുത്തൻ സാമ്പത്തികവ്യവസ്ഥയിൽ അവർ എല്ലാറ്റിനെയും ലാഭനഷ്ടക്കണക്കുകളാക്കി മാറ്റുന്നു. അവരുടെ മുമ്പിൽ യേശുവിന്റെയും ഫ്രാൻസീസിന്റെയും ലയോളയുടെയും ഡാമിയന്റെയും മദർതെരേസയുടെയും മാതൃകകൾ കൊച്ചുകൊച്ചു അനുഭവങ്ങളിലൂടെ പകർന്നുകൊടുക്കാൻ ആദർശനിഷ്ഠയുള്ള ജീവിതവും കണക്കില്ലാത്ത സ്നേഹവും ദീർഘക്ഷമയും നല്ല സംവേദനശേഷിയും ഉണ്ടാവണം.

പൊതുസമൂഹത്തിനുള്ളിലാണ് സഭ എന്ന കാര്യം പലരും മറക്കുന്നു. സഭയ്ക്കുള്ളിലാണ് ലോകം എന്ന മട്ടിലാണ് പല




പുരോഹിതരുടെയും പ്രതികരണങ്ങൾ. മതവൈവിധ്യത്തിന്റെ നാടാണ് ഏഷ്യാ, ഭാരതം. മതഭേദങ്ങൾ വല്ലായ്മയായിട്ടല്ല മികവായിട്ടാണ് ഭാരതീയ പാരമ്പര്യം പരിഗണിച്ചിരുന്നത്. അതുകൊണ്ടുതന്നെ കേരളത്തിലെ പരമ്പരാഗത ക്രൈസ്തവരും മുസ്ലീങ്ങളും ജൂതരും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലുള്ള സഹമതസ്ഥരിൽനിന്നു വ്യത്യസ്തമായി അന്യമതങ്ങളെ ആദരപൂർവ്വം പരിഗണിച്ചുപോന്നു. ആഗോളതയുടെ ഫലമായി പടിഞ്ഞാറുനിന്നു ഇറക്കുമതി ചെയ്യുന്നതു



മതപരമായ അസഹിഷ്ണുതയാണ്. വാദപ്രതിവാദങ്ങളിലൂടെ സ്വമതം സ്ഥാപിച്ചു അന്യമത ഛേദം നടപ്പിലാക്കുക എന്നതു കോളണിവാഴ്ചക്കാലത്തുണ്ടായ പുതുമയാണ്. കോളണിയനന്തര ജനാധിപത്യകാലത്തും മതവൈവിധ്യത്തിന്റെ



പാഠങ്ങൾ പ്രസക്തമാണ്. കേരളത്തിൽ ഇത്തരം സമീപനത്തിനു ഏറെ പ്രാധാന്യമുണ്ട്. മതവിശ്വാസികളല്ലാത്തവരെക്കൂടി ഉൾക്കൊള്ളാവുന്ന തരത്തിൽ സ്നേഹസംവാദമണ്ഡലം വികസിക്കേണ്ടിയിരിക്കുന്നു. 'വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ്' എന്ന മുദ്രാവാക്യത്തോടെ സ്നേഹസംവാദങ്ങളിൽ ഏർപ്പെടാൻ ക്രൈസ്തപുരോഹിതർക്കും കഴിയണം. മതവിരുദ്ധത ശക്തമാകുന്ന ചുറ്റുപാടുകളിൽ കെറുവിച്ചും പുലഭ്യം പറഞ്ഞും തർക്കിച്ചും ആരെയും യേശുവാനുഭവത്തിലേക്കു നയിക്കാനാവില്ല.



സ്നേഹത്തിന്റെ നാഗരികത പടുത്തുയർത്തുന്നതിൽ പങ്കുകാരാകുക എന്നതാണ് ക്രൈസ്തവപുരോഹിതരുടെ കേരളത്തിലെ മുഖ്യനിയോഗം. അതിനു പുതുവഴികൾ കണ്ടെത്താനുള്ള സത്യാന്വേഷണ പരീക്ഷണങ്ങളാകട്ടെ സന്യാസജീവിതങ്ങൾ. ഫ്രാൻസീസിന്റെയും ഡാമിയന്റെയും സേവ്യറിന്റെയും മദർ തെരേസയുടെയും അൽഫോൻസാമ്മയുടെയും വൈവിധ്യപൂർണ്ണവും സാഹസികവുമായ ജീവിതങ്ങൾ ഇത്തരമൊരു സാഹസിക പരീക്ഷണ കൗതുകമാണ് നൽകുന്നത്.